15.05.2022 - TB's own memorable Pink Day - the second day of the third TB Meet!

All are assembled in the well-arranged hall after lunch, awaiting the remaining entertainment programs. A smiling anchor walks into the midst of the crowd. "Till now you have been a wonderful audience, encouraging each of the artists who performed before you. Now I need you all to be the participants. Are you all ready for the show?" "Yes...." echoed the chorus. "You are not tired after the heavy lunch, are you? Shall we start?" Another "yes...." boomed within the walls. Thus the anchor took the mass into her hands. Within the next five minutes, she got the hall divided into four groups, named them, and chose the captains for the teams participating in the movie panel's quiz. She smartly handled the fun-filled quiz with poise and intermittent tit-for-tat replies.

Yes, today's Talented Banker is none other than,

Arya Rajendran C L
State Bank of India
Vattiyoorkavu Branch

Many events in Arya's life happened a bit too early. She was a premature baby and had to undergo loads of struggle just to be alive. She believes that the care and prayers of her parents kept their single child alive even in moments when the doctors attending her lost their hopes. They were the ones who introduced her into this world as a strong fighter. Her father, N. Rajendran, was a PWD Contractor. By the time Arya was in the 5th grade, he turned to politics. He served as the Thittamangalam ward member of the Vattiyoorkavu grama panchayat for two terms in a row and as standing committee chairman. Her mother Lathakumari is a homemaker.

Little Arya has always been a talkative extrovert. She would never ever forget the one who introduced her to the world of letters with a 'thulasikkathir' on her tongue - Parivrajika Rajamma, a disciple of Vinoba Bhave and the President of the Vinoba Niketan at Vithura. Arya firmly believes that the blessings of this grandmother have brought her all the laurels she has ever won.

She did her schooling at Bharatiya Vidya Bhavan Senior Secondary School Kodunganoor from LKG to 12th grade. Another face Arya still holds dear is that of Kumari Hamsa, her first teacher at school. Right in LKG, this smart girl was awarded the proficiency prize for being the best all-rounder, winning prizes for storytelling, rhyme recitation, and various sports events. And she continued being the best student in the school all through the 14 years, winning loads of prizes on the way. She was the Kalathilakam of the school almost every year and won the proficiency award too many times. As she stepped out of her school, she was awarded the best outgoing girl student. She was famous for her performances in recitation, elocution, extempore, and essay writing. She won various prizes in the South zone Sahodaya fests, Bhavans fests, Sameeksha, and other competitions organized by different schools.

She mentions that there are two events she can never forget. One is - a State-level essay competition was conducted based on Gandhian thoughts where she won the first prize(cash prize) and was applauded by many. And the next - a memory she cherishes forever! - was the Chavara fest organized by Christ Nagar School, Thiruvalla. That was the year the event of the best student-teacher competition was introduced. The 12th grader Arya went for participating in the same, attired in a saree, and was mistaken for her teacher accompanying the students of her school for the fest! That itself boosted her confidence - and naturally, she bagged the first prize, in teaching Mathematics. This award is so precious to her as she had always dreamed of being a teacher.

But the struggles involved in getting a teacher's job prompted her to appear for the Engineering Entrance Exam, hoping to be a Civil Engineer in the path followed by her father. She was determined to join a college through merit list alone and missed getting into CET college Tvpm by just one rank. She then chose Applied Electronics and Instrumentation at the LBS Institute of Technology for women, Poojappura. Around three months into the course, she came across the SBI Recruitment call with +2 eligibility and appeared for the same with her cousins. The written exam was in the Christ Nagar School(this school definitely has a role in molding her life) and after the only job interview, she has ever attended, got selected by the State Bank of India. As she wasn't much keen on Applied Electronics, she chose to accept the offer. Though she joined the bank with +2 eligibility, she pursued her graduation and post graduation in Mathematics from the Kerala University through distance education later on. She was the centre topper in her graduation and the second rank holder in her post graduation.

The biggest challenge she had to face was that her first posting was at Thrissur, quite far from her mother's embrace. She thankfully remembers the then Regional Manager at Thrissur, Kalyanasundaram sir, and Thrissur Main Branch Chief Manager, Rosy Devassia madam, who supported her in getting comfortable in Thrissur. She joined Thrissur CCPC. And with this posting, her second dream of being a Civil Servant too ended - she definitely couldn't imagine a life away from her family.

There are many friendships she holds dear to her heart from her joining date of 05.01.2009. During the induction program at the learning center, a magazine was released by the batch in which she had contributed a few entries. And she was surprised when she found one of her essays got published in the SBI's house magazine, 'Keralam'. She was so happy to know that the bank encouraged the innate talents of the employees as well. Her eyes glitter with pride as she recollects that every 'Keralam' magazine of SBI published after 2009 had atleast one entry of hers.
In 2009 she won the 2nd prize in Malayalam Essay Writing competition and the 3rd prize in the English Essay Writing competition held by the bank. And in 2010, she won the first prize in both competitions.

By late 2010 and early 2011, she got to interact with the bank's staff union and started getting opportunities for stage presence in various events organized by them. This is how she began her anchoring journey in the bank. In 2016, Arya got a chance to present the Bank day celebration. From then on, she was a prominent anchor for almost all events conducted by the bank like Bank days, the famous Sargotsavam, various achievers' meets, Business meets of the Trivandrum Administrative Office. In 2017, Loknath Behra was the guest for the Bank Day celebration. He personally congratulated her for her flawless performance.

Now as she looks back, she feels that she is much more satisfied about her decision to join the bank rather than pursuing her dream career of teaching. She even got a chance to teach as part of training arranged by the bank's staff union for the substaff promotion to clerical cadre. She was lauded by many for her excellent teaching.

Recently there was a CSR activity organised by the bank which was attended by the Chief Minister of Kerala. She was shocked to hear that she was applauded a lot through a call from the Chief Minister's office to the PRO. Even outside the bank she hosts various evwnts like the Lion's club activity and the inaugural session of the society named 'Music Legends'. She was recognised by them for her exemplary performance. She was also honored in another of their program as a gesture of appreciation of her talents. Even last month, she was specially recognized for her compering skills by the National Association of Malayali Artists(NANMA) Trivandrum district members in one of their programs.

This year, there was an online speech competition organized at Pan India level for lady bankers belonging to all banks in India, by the South Indian Bank Employees Association, named 'Shetalks - Unleash the Woman in You'.

Any woman centric topic could be chosen. Arya became the runner up in the most popular talk.

In the span of around 13 years, she has worked in Thrissur CCPC, Trivandrum CCPC, as customer associate at Valiyamala branch from 2012 to 2015, then at Nettayam branch till 2018, and after in-cadre promotion to Senior Associate in 2018, at Vattiyoorkavu branch where she still continues.

Arya is married to Sri. Rajath H C, Senior Associate at SBI Administrative Office, Trivandrum and DGS of the State Bank Staff Union Trivandrum module. They both have joined the bank together. Their family is complete with Dhwani Rajath, a third grader Kalathilakam who writes short stories and plans to publish a book soon, and three year old Devansh Rajath. Arya beams as she says that her husband's family - father, N.Hariharan Nair, an ex serviceman retired from SBT, mother Chandrika Devi and sister Dr. Reshma H C - too have been supportive in all her pursuits.

We take this opportunity to wish Arya Rajath all success in all her future endeavours and also thank her from the bottom of our hearts for managing the programs along with other anchors on 15th, and for seamlessly conducting the movie panel quiz competition, making the event a grand success!

---------------------------------------------------------------------------------------------------

Original English Article : Arya Gayathry , State Bank of India, Pallickal Branch

മലയാളം പരിഭാഷ :അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

അവതരണം : സ്വപ്നരാജ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC പത്തനംതിട്ട
---------------------------------------------------------------------------------------------------

2022 മെയ് 15.
ടാലന്റഡ് ബാങ്കേഴ്സ് കൊല്ലം മീറ്റിന്റെ രണ്ടാം ദിവസം. നമ്മുടെ സ്വന്തം പിങ്ക് ദിവസം.

ഉച്ചയൂണ് കഴിഞ്ഞ് അല്പം ആലസ്യത്തോടെ വന്നിരുന്നവർക്കിടയിലേക്ക് പുഞ്ചിരിയോടെ കടന്നുവന്ന അവതാരക പറഞ്ഞു..

"ഇത് വരെ നിങ്ങൾ കണ്ടതും കേട്ടതും ഒറ്റക്കൊറ്റയ്ക്കുള്ള പരിപാടികൾ.. നിങ്ങൾ വെറും കാഴ്ചക്കാർ. "ഇനി നിങ്ങളെയാണ് എനിക്കാവശ്യം..എല്ലാരും റെഡി അല്ലേ...?"

"യെസ്.. "എന്ന് മറുപടി.

"ഊണ് കഴിഞ്ഞ ക്ഷീണത്തിൽ അല്ലല്ലോ? റെഡി അല്ലേ?"

"യെസ്..."
ആ മറുപടി വളരെ ഉച്ചത്തിലായിരുന്നു.

അവതാരക ഊർജസ്വലയായി..വന്നവരെ നാല് ടീമുകളായി തെരഞ്ഞെടുക്കുന്നു, നായകരെ കണ്ടുപിടിക്കുന്നു. നാല് ടീമിനും പേര് നൽകുന്നു..
അറിവും തമാശയും കലർന്ന ചോദ്യാവതരണത്തിലൂടെ, കുറിക്ക് കൊള്ളുന്ന മറുപടിയിലൂടെ ക്വിസ് കത്തിക്കയറുന്നു.

ഈ അവതാരക ആണ് നമ്മുടെ ഇന്നത്തെ താരം.

ആര്യ രാജേന്ദ്രൻ സി എൽ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
വട്ടിയൂർക്കാവ് ശാഖ.

കാലത്തിന് മുൻപേയാണ് എന്നും ആര്യ. ജനനം പോലും മുഴുവൻ സമയം കാത്ത് നിൽക്കാനായില്ല ആര്യയ്ക്ക്. ഡോക്ടർമാർ ആശ കൈ വിട്ടപ്പോൾ പോലും അച്ഛന്റെയും അമ്മയുടെയും പ്രാർത്ഥനകളുടെയും പ്രതീക്ഷകളുടെയും ഫലമാണ് തന്റെ ജീവിതം എന്ന് ആര്യ ദൃഢമായി വിശ്വസിക്കുന്നു.

ആര്യയുടെ അച്ഛൻ എൻ രാജേന്ദ്രൻ പി ഡബ്ലിയു ഡി കോൺട്രാക്ടർ ആയിരുന്നു. ആര്യ അഞ്ചാം ക്ലാസ്സിലെത്തുമ്പോഴേക്കും അച്ഛൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചിരുന്നു.
വട്ടിയൂർക്കാവ് പഞ്ചായത്തിലെ തിട്ടമംഗലം വാർഡിൽ തുടർച്ചയായി രണ്ട് തവണ വാർഡ് മെമ്പറും സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും ആയിരുന്നു അദ്ദേഹം.
വീട്ടമ്മയായ ലതകുമാരി യാണ് അമ്മ.

കുഞ്ഞിലേ തന്നെ അല്പം ബഹളക്കാരിയായിരുന്നു ആര്യ. ഒരു തുളസിക്കതിർ ചേർത്ത് വച്ച് അതിനൊപ്പം നാവിൽ അക്ഷരങ്ങൾ പകർന്നു നൽകിയ പരിവ്രാജക രാജമ്മ എന്ന മുത്തശ്ശിയാണ് തന്റെ ജീവിതത്തിലെ എല്ലാ നേട്ടങ്ങൾക്കും അടിത്തറ പാകിയതെന്ന് ആര്യ ഉറച്ചു വിശ്വസിക്കുന്നു. വിനോബാഭാവയുടെ ശിഷ്യയായ ആ മുത്തശ്ശി വിതുരയിലുള്ള വിനോബാ നികേതന്റെ പ്രസിഡന്റ് ആയിരുന്നു.

കൊടുങ്ങാനൂർ ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ആയിരുന്നു എൽ കെ ജി മുതൽ 12 വരെ ആര്യയുടെ പഠനം. ആ സ്കൂളിലെ "കുമാരി ഹംസ" എന്ന ടീച്ചർ ആണ് ആര്യയുടെ ജീവിതത്തിലെ മറക്കാനാവാത്ത മറ്റൊരു വ്യക്തിത്വം. കഥ പറച്ചിൽ, പദ്യം ചൊല്ലൽ, കായികമത്സരങ്ങൾ എന്ന് വേണ്ട എല്ലാ ഇനങ്ങളിലും ഈ 14 വർഷങ്ങൾ സമ്മാനങ്ങൾ വാരിക്കൂട്ടി ഓരോ ക്ലാസ്സിലും സ്കൂളിലെ ആൾ റൗണ്ടറും കലാതിലകവും ആയി മാറിയിരുന്നു ആര്യ.
തൊട്ടതെല്ലാം പൊന്നാക്കിയ ആര്യ സ്കൂളിന്റെ പടിയിറങ്ങിയത് ബെസ്റ്റ് ഔട്ട്ഗോയിങ് സ്റ്റുഡന്റ് ബഹുമതിയോടെയാണ്.

സഹോദയ മീറ്റുകളിലും ഭവൻസ് ഫെസ്റ്റുകളിലും സ്കൂൾ ഗ്രൂപ്പിന്റെ സമീക്ഷ എന്ന മീറ്റുകളിലും ഒക്കെ സമ്മാനങ്ങൾ വാരിക്കൂട്ടിയ ആര്യ നെഞ്ചോട് ചേർത്തുവയ്ക്കുന്ന രണ്ട് ബഹുമതികളുണ്ട്.

ഒന്ന് സംസ്ഥാന തലത്തിൽ തനിക്ക് ഒന്നാം സമ്മാനം നേടിത്തന്ന ഗാന്ധിയൻ ചിന്തകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പ്രബന്ധമത്സരം, മറ്റൊന്ന് തിരുവല്ലം ക്രൈസ്റ്റ് നഗർ സ്കൂൾ നടത്തിയ ഒരു പുതുമയുള്ള മത്സരം. ആ വർഷം ആദ്യമായാണ് ഏറ്റവും നല്ല സ്റ്റുഡന്റ് ടീച്ചറെ കണ്ടെത്താൻ അവർ ഒരു മത്സരം നടത്തിയത്. സാരി ഒക്കെ ഉടുത്ത് മത്സരത്തിനെത്തിയ പന്ത്രണ്ടാം ക്ലാസ്സുകാരിയെ ടീച്ചറാണെന്ന് ധരിച്ച് വരവേറ്റത് തന്നെ ആര്യയുടെ ആത്മവിശ്വാസം വർധിപ്പിച്ചു. അദ്ധ്യാപക വേഷം സ്വപ്നം കണ്ട് നടന്ന വിദ്യാർത്ഥിക്ക് അരങ്ങ് തകർക്കാൻ വേറെന്ത് വേണം? ഗണിതാദ്ധ്യാപികയായി ആര്യ മത്സരത്തിൽ ഒന്നാം സമ്മാനം നേടി. ആര്യയുടെ ജീവിതത്തിലെ ഏറ്റവും വിലപിടിപ്പുള്ള സമ്മാനം.

ഒരു അദ്ധ്യാപിക ആവുക അത്ര എളുപ്പമല്ല എന്ന് തോന്നിയ ഒരു നിമിഷത്തിൽ ആര്യയുടെ ലക്ഷ്യം അച്ഛനെപ്പോലെ ഒരു സിവിൽ എഞ്ചിനീയർ ആകണം എന്നതായി. അങ്ങനെ പ്രവേശനപ്പരീക്ഷയെ നേരിട്ടെങ്കിലും മെറിറ്റിൽ സി ഇ ടി യിൽ പഠിക്കണം എന്ന മോഹം ഒരു റാങ്കിനിപ്പുറത്ത് നഷ്ടപ്പെട്ടപ്പോൾ ആര്യ പൂജപ്പുര എൽ ബി എസിൽ അപ്ലൈഡ് ഇലക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ വിഭാഗത്തിൽ ചേർന്നു. അതിനോട് മനസ്സ് കൊണ്ട് ചേരാൻ കഴിയാത്തത് കൊണ്ടാവണം ആയിടെ ബന്ധുക്കളായ ചില കുട്ടികൾക്കൊപ്പം ആര്യ എസ് ബി ഐ യുടെ പ്രവേശനപരീക്ഷയിൽ വിജയം പരീക്ഷിക്കാൻ തീരുമാനിച്ചത്. ക്രൈസ്റ്റ് നഗറിൽ വച്ച് നടന്ന ആ പരീക്ഷ ആര്യയുടെ ജീവിതത്തിന്റെ ഗതി മാറ്റിമറിച്ചു. ഗണിതത്തിന്റെ സാങ്കേതികതകളിൽ നിന്നും ഗണിതത്തിന്റെ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക്.

ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലഘട്ടമായിരുന്നു അത്. അമ്മയുടെ അടുത്ത് നിന്ന് മാറി ദൂരെ തൃശ്ശൂരിൽ ഒറ്റക്ക്. പക്ഷേ അന്നത്തെ തൃശ്ശൂർ റീജിയണൽ മാനേജർ ശ്രീ കല്യാണസുന്ദരം സാറും മെയിൻ ശാഖയിലെ ചീഫ് മാനേജർ ശ്രീമതി റോസ്സി ദേവസ്യ മാഡവും നല്ലൊരു താമസസ്ഥലം കണ്ടെത്തുന്നതിനും മറ്റു സഹായങ്ങൾക്കും കൂടെ നിന്നത് ആര്യ നന്ദിയോടെ ഓർക്കുന്നു. അങ്ങനെ തൃശ്ശൂർ സി സി പി സിയിൽ ഔദ്യോഗികജീവിതം ആരംഭിക്കുന്നു.
ഇതിനിടെ പ്ലസ് ടു യോഗ്യതയിൽ ജോലി നേടിയ ആര്യ ഗണിതശാസ്ത്രത്തിൽ കേരള സർവകലാശാലയിൽ നിന്നും വിദൂരവിദ്യാഭ്യാസത്തിലൂടെ ബിരുദത്തിൽ ആ സെന്ററിലെ ഒന്നാം സ്ഥാനക്കാരിയും ബിരുദാനന്തര ബിരുദത്തിൽ രണ്ടാം റാങ്കും നേടി തന്റെ മിടുക്ക് പ്രകടമാക്കി.

2009ൽ തുടങ്ങിയ ബാങ്ക് ജീവിതത്തിലൂടെ നെഞ്ചോട് ചേർത്തുവയ്ക്കാവുന്ന ഒരുപാട് സൗഹൃദങ്ങൾ ആര്യയുടെ ജീവിതത്തിൽ അലുക്കുകൾ പിടിപ്പിച്ചു ചേർത്തു. അന്നത്തെ ഇൻഡക്ഷൻ പ്രോഗ്രാമിനിടയിൽ ബാങ്കിലെ പുതുമുഖങ്ങൾ എല്ലാം ചേർന്ന് ഒരു മാഗസിൻ തയാറാക്കി. അതിന് വേണ്ടി ആര്യയും ചില സൃഷ്ടികൾ തയാറാക്കി. പിന്നീട് അന്ന് തയാറാക്കിയ ഒരു ലേഖനം എസ് ബി ഐയുടെ ഹൌസ് മാഗസിൻ ആയ "കേരള"ത്തിൽ പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ ആര്യക്കുണ്ടായ സന്തോഷം ചെറുതൊന്നുമായിരുന്നില്ല. ബാങ്ക് ഇത്തരം വാസനകളെ പ്രോത്സാഹിപ്പിക്കാറുണ്ടെന്ന് കൂടി അറിഞ്ഞപ്പോൾ സന്തോഷം

ഇരട്ടിയായി. അതിന് ശേഷം ഇറങ്ങിയ എല്ലാ മാഗസിനുകളിലും ആര്യയുടേതായ ഒരു രചന എങ്കിലും ഉണ്ടായിരുന്നു എന്ന് പറയുമ്പോൾ ആര്യയുടെ കണ്ണുകൾ തിളങ്ങി.

2009 ൽ ബാങ്ക് നടത്തിയ മലയാളം പ്രബന്ധരചനയിൽ രണ്ടാം സമ്മാനവും ഇംഗ്ലീഷ് പ്രബന്ധരചനയിൽ മൂന്നാം സമ്മാനവും നേടിയ ആര്യ 2010ൽ രണ്ടിനങ്ങളിലും ഒന്നാം സമ്മാനം നേടി തന്റെ പേര് ഔദ്യോഗികേതര മേഖലയിൽ വർണ ലിപികളിൽ രേഖപ്പെടുത്തി വച്ചു.

2010-11 കാലഘട്ടത്തിൽ സ്റ്റാഫ് യൂണിയനിലൂടെ, അവരുടെ പരിപടികളിലൂടെ ആര്യ ഒരു അവതാരകയുടെ വേഷം അണിയുകയും അതിൽ തന്റേതായ ഒരു പേര് തുന്നിച്ചേർക്കുകയും ചെയ്തു. 2016ൽ ആണ് ബാങ്കിന്റെ ബാങ്ക് ഡേ ആഘോഷങ്ങളിൽ അവതാരകയുടെ വേഷം കെട്ടാൻ അവസരം ലഭിച്ചത്. അതൊരു തുടക്കമായിരുന്നു. പിന്നങ്ങോട്ട് ബാങ്കിന്റെ പ്രധാന പരിപാടികളിലെല്ലാം ആര്യ തന്നെയായിരുന്നു പ്രധാന അവതാരക.
2017ലെ ബാങ്ക് ഡേ ആഘോഷങ്ങളിലെ വിശ്ഷ്ടാഥിതി ശ്രീ ലോകനാഥ് ബെഹ്റ ആയിരുന്നു. ആര്യയുടെ അവതരണത്തിലെ സ്വരശുദ്ധിയും അനർഗളമായ ഒഴുക്കും അക്ഷരസ്ഫുടതയും അദ്ദേഹത്തെ വിസ്മയിപ്പിച്ചു എന്ന് മുഖത്ത് നോക്കി അഭിനന്ദിച്ചപ്പോൾ സന്തോഷം അടക്കാനാവാതെ ആര്യ വിതുമ്പി.

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ തന്റെ തീരുമാനങ്ങൾ ഒക്കെ ഉചിതമായിരുന്നു എന്ന് ആര്യയ്ക്ക് തോന്നാറുണ്ട്. ഒരദ്ധ്യാപിക ആകാതെ ബാങ്കിൽ എത്തിയപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന അംഗീകാരങ്ങൾ, ഒപ്പം പലപ്പോഴും സ്റ്റാഫ് യൂണിയൻ സംഘടിപ്പിക്കുന്ന പ്രൊമോഷൻ ക്ലാസ്സുകളിൽ നല്ലൊരു അദ്ധ്യാപിക ആകാനുള്ള അവസരം, ഇതെല്ലാം ജീവിതത്തിൽ വിധി കാത്തുവെച്ച നേട്ടങ്ങൾ.

അടുത്തിടെ മുഖ്യമന്ത്രി പങ്കെടുത്ത ബാങ്കിന്റെ ഒരു പരിപാടിയിൽ ആര്യയായിരുന്നു അവതാരക. പിന്നീട് അദ്ദേഹം ഓഫീസ് വഴി ബാങ്കിന്റെ പി ആർ ഒ യുടെ പക്കൽ ആര്യക്കുള്ള അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയ വാർത്ത കൈമാറിയ നിമിഷം വർണ്ണതൂവലുകളുടെ ചിറകിൽ പറക്കുന്ന പോലെയാണ് തോന്നിയത്. ഇന്ന് ബാങ്കിന് പുറത്തും ധാരാളം പരിപാടികളിൽ അവതാരകയുടെ വേഷം തേടിയെത്താറുണ്ട് എന്നത് വലിയ ഭാഗ്യമായി ആര്യ കരുതുന്നു.
കഴിഞ്ഞ മാസം നാഷണൽ അസോസിയേഷൻ ഓഫ് മലയാളം ആർട്ടിസ്റ്റ് എന്ന സംഘടനയുടെ തിരുവനന്തപുരം ജില്ല നടത്തിയ ഒരു പരിപാടിയിൽ അവതാരക ആയ ആര്യയ്ക്ക് പ്രത്യേക പരാമർശം ലഭിക്കുകയുണ്ടായി.

ഈ വർഷം ദേശീയ തലത്തിൽ വനിതാ ബാങ്ക് ജീവനക്കാർക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ നടത്തിയ ഓൺലൈൻ പ്രസംഗമത്സരത്തിൽ ആര്യക്കായിരുന്നു രണ്ടാം സമ്മാനം.

തൃശ്ശൂർ സി സി പി സി യിൽ നിന്നും തിരുവനന്തപുരം സി സി പി സി, വലിയമല, നെട്ടയം

ശാഖകളിലൂടെ നീണ്ട ഔദ്യോഗികജീവിതം 2018ലെ സീനിയർ അസ്സോസിയേറ്റ് പ്രൊമോഷനോടെ വട്ടിയൂർകാവ് ശാഖയിൽ എത്തി നിൽക്കുന്നു.

എസ് ബി ഐ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ സീനിയർ അസോസിയേറ്റും സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ തിരുവനന്തപുരം മോഡ്യൂൾ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും ആര്യയുടെ ബാച്ച് മേറ്റുമായ എച്ച് സി രജത്ത് ആണ് ആര്യയുടെ ജീവിതത്തിലെ സഹയാത്രികൻ. കുഞ്ഞ് എഴുത്തുകാരിയും കലാതിലകവും മൂന്നാം ക്ലാസുകാരിയുമായ ധ്വനി രജത്തും മൂന്ന് വയസ്സുകാരൻ ദേവൻഷ് രജത്തും കൂടി ചേരുമ്പോഴാണ് ഈ കുടുംബചിത്രം പൂർണമാവുക. രജത്തിന്റെ അച്ഛനും എസ് ബി ടി യിലെ മുൻ ജീവനക്കാരനും മുൻ സൈനികനുമായ ഹരിഹരൻ നായരും അമ്മ ചന്ദ്രികാദേവിയും സഹോദരി ഡോക്ടർ രേഷ്മയും തന്റെ ഔദ്യോഗികേതര രംഗങ്ങളിലെ പങ്കാളിത്തങ്ങൾക്ക് നൽകുന്ന സഹായങ്ങളും കലവറയില്ലാത്ത പ്രോത്സാഹനങ്ങളും നൽകുന്ന ഊർജം ചെറുതല്ല എന്ന് ആര്യ ഓർമപ്പെടുത്തുന്നു.

കൊല്ലം മീറ്റിൽ തിളങ്ങിയ അവതാരകനക്ഷത്രങ്ങളിൽ മൂവിപാനൽ ഒരുക്കിയ പ്രശ്നോത്തരിയിലൂടെ മിന്നിത്തിളങ്ങുന്ന നക്ഷത്രമായി മാറിയ ആര്യക്ക് തന്റെ വരും കാലജീവിതം എല്ലാ വിജയങ്ങളും നന്മകളും കൊണ്ട് സമ്പന്നമാകട്ടെ എന്നാശംസിക്കുന്നു